## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1604 — 13.06.2014 -ൽ മറുപടിക്ക്

### " ജനന മരണ വിവാഹ രജിസ്ട്രേഷൻ ഉത്തരവുകൾ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനനം, മരണം, വിവാഹം തുടങ്ങിയവ രജിസ്ട്രേഷൻ നടത്തുന്നതിനായുള്ള ചട്ടങ്ങൾ സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ? | (ബി) |

**I. ഉത്തരവുകൾ സംബന്ധിച്ച വിശദാംശങ്ങൾ**

| ക്രമ നമ്പർ | വിഷയം | ഉത്തരവ് നമ്പർ & തീയതി |
|---|---|---|
| 1. | 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ 10-ാം ചട്ട പ്രകാരം വിവാഹ ഉദ്യോഗസ്ഥൻ വസൂലാക്കേണ്ട ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് | സ.ഉ.(അ)08/2012/നിയമം തീയതി, 29-03-2012 |
| 2. | 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള തീയതി 31-12-2012 വരെ ദീർഘിപ്പിക്കുന്നതിനും | സ.ഉ.(അ)13/2012/നിയമം തീയതി, 14-09-2012 |

| | | |
|---|---|---|
| | വിവാഹസാക്ഷ്യ പത്രത്തിൽ കേരള സർക്കാരിന്റെ എംബ്ലം, സെക്യൂരിറ്റി വാട്ടർമാർക്ക്, ഭാര്യയുടെയും ഭർത്താവിന്റെയും ഫോട്ടോ എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് | |
| 3. | 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് നടന്ന വിവാഹങ്ങളും 2008-നു ശേഷം നടന്നതും നാളിതു വരെ രജിസ്റ്റർ ചെയ്യിട്ടില്ലാത്തതുമായ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള തീയതി 2013 ഡിസംബർ 31 വരെ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് | സ.ഉ.(അ)05/2013/നിയമം തീയതി, 30-09-2013 |
| 4. | വെബ് സൈറ്റിൽ നിന്നും. ഡൗൺലോഡ് ചെയ്യെടുക്കുന്ന ബാർകോഡും ഫോട്ടോയും ഉള്ള വിവാഹ സർട്ടിഫിക്കറ്റ് അംഗീകൃത രേഖയായി കണക്കാക്കിക്കൊണ്ട് 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് | സ.ഉ.(അ)06/2013/നിയമം തീയതി, 09-10-2013 |
| 5. | 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ 10-ാം ചട്ട പ്രകാരം വിവാഹ ഉദ്യോഗസ്ഥൻ | സ.ഉ.(അ)07/2013/നിയമം തീയതി, 26-10-2013 |

| | | |
|---|---|---|
| | വസൂലാക്കേണ്ട ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് | |
| 6. | 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം നടന്നിട്ടുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി ഒരു വർഷം എന്നത് അഞ്ച് വർഷം എന്ന് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് | സ.ഉ.(അ)57/2013/നിയമം തീയതി, 16-10-2013 |
| 7. | മിശ്ര വിവാഹ രജിസ്ട്രേഷൻ - വ്യത്യസ്ത മതവിഭാഗത്തിൽപ്പെട്ട വിവാഹ രജിസ്ട്രേഷൻ - പുതുക്കിയ നിർദ്ദേശങ്ങൾ - സംബന്ധിച്ച് | സ.ഉ(സാധാ)3134/2012/തസ്വഭവ തീയതി 14-11-2012. |
| 8. | ജനന മരണ രജിസ്ട്രേഷൻ - ദത്തെടുക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ മതാപിതാക്കളുടെ സ്ഥിര മേൽവിലാസം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാനും പ്രസ്തുത സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്താനും അനുമതി നൽകുന്നത് - സംബന്ധിച്ച് | സ.ഉ(സാധാ)2143/2012/തസ്വഭവ തീയതി 04-08-2012. |
| 9. | വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യെടുക്കുന്ന ബാർകോഡോടു കൂടിയ ജനന-മരണ സർട്ടിഫിക്കറ്റുകൾ എല്ലാ സർക്കാർ | സ.ഉ(കൈ)202/2012/തസ്വഭവ തീയതി 25-07-2012. |

| | | |
|---|---|---|
| | ആവശ്യങ്ങൾക്കുമുള്ള ആധികാരിക രേഖയായി പരിഗണിക്കുന്നത് - സംബന്ധിച്ച് | |
| 10. | ഗസറ്റ് വിജ്ഞാപനം പ്രകാരം പേരു മാറ്റിയ മാതാപിതാക്കളുടെ പേര് കുട്ടിയുടെ ജനന രജിസ്ട്രേഷനോടൊപ്പം ചേർത്ത് തിരുത്തൽ വരുത്തുന്നത് - സ്പഷ്ടീകരണം സംബന്ധിച്ച് | സ.ഉ.(ആർ.റ്റി) നം. 997/14/തസ്വഭവ. തീയതി 11-04-2014 |

## II. സർക്കുലറുകൾ സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമ നമ്പർ | വിഷയം | സർക്കുലർ നമ്പർ & തീയതി |
|---|---|---|
| 1. | ചികിത്സാർത്ഥം ആശുപത്രിയിലേയ്ക്ക് പോകുന്നതിനിടയിലുള്ള മരണം - രജിസ്ട്രേഷൻ സ്പഷ്ടീകരണം സംബന്ധിച്ച് | 32859/ആർ.ഡി.3/2011/തസ്വഭവ തീയതി 04-08-2011 |
| 2. | ജനന-മരണ രജിസ്ട്രേഷൻ - കുട്ടിയുടെ പേര് തിരുത്തൽ വരുത്തുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച് | 9748/ആർ.ഡി.3/2012/തസ്വഭവ തീയതി 07-05-2012 |
| 3. | ജനന-മരണ രജിസ്ട്രേഷൻ - കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ ഉണ്ടാകുന്ന തെറ്റുകൾ, മേൽവിലാസത്തിൽ ഉണ്ടാകുന്ന സ്പെല്ലിംഗ് മിസ്റ്റേക്കുകൾ തുടങ്ങിയ തെറ്റുകൾ തിരുത്തുന്നത് - സംബന്ധിച്ച്. | 50817/ആർ.ഡി.3/12/ത.സ്വ.ഭ.വ. തീയതി: 31.05.2013 |
| 4. | ജനന-മരണ സർട്ടിഫിക്കറ്റുകൾ ഓരോ ആവശ്യത്തിനും | 23001/ആർ.ഡി.3/2012/തസ്വഭവ തീയതി 08-10-2012 |

| | | |
|---|---|---|
| | പ്രത്യേകം പ്രത്യേകമായി വാങ്ങുന്ന രീതി അവസാനിപ്പിക്കുന്നത് സംബന്ധിച്ച് | |
| 5. | രജിസ് ട്രാറുടെ അധികാര പരിധിയ്ക്ക് പുറത്ത് നടക്കുന്ന മരണം രജിസ്റ്റർ ചെയ്യുന്നത് - നിർദ്ദേശം സബന്ധിച്ച് | 18161/ആർ.ഡി.3/2012/തസ്വഭവ തീയതി 16-10-2012 |
| 6. | ജനന മരണ രജിസ്ട്രേഷൻ - കുട്ടിയുടെ പേര് തിരുത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് നിർദ്ദേശം സംബന്ധിച്ച്. | 31512/ആർ.ഡി.3/13/ത.സ്വ.ഭ.വ. തീയതി: 17.10.2013 |
| 7. | നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശം സംബന്ധിച്ച് | 17484/ആർ.ഡി.3/13/ത.സ്വ.ഭ.വ. 20.05.2013 |
| 8. | 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ - മുസ്ലീം മത വിഭാഗത്തിൽപ്പെട്ടവരുടെ വിവാഹ പ്രായം സംബന്ധിച്ച് | 35298/ആർ.ഡി.3/2013/തസ്വഭവ തീയതി 14-06-2013 |
| 9. | 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ - വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച പുതുക്കിയ നിർദ്ദേശം സംബന്ധിച്ച് | 41832/ആർ.സി.3/2013/തസ്വഭവ തീയതി 27-06-2013 |
| ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. | | |

Vajeem

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**